# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2443 18/06/2014 ൽ മറുപടിയ്ക്ക്

## പുതിയ ജലസേചന പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര ജലസേചന പദ്ധതികൾ ആരംഭിച്ചു ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ പാമ്പാർ നദീതട പദ്ധതിയിൽപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റെ പുനർ നിർമ്മാണത്തിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ചെറുതും വലുതുമായ ജലസേചനപദ്ധതികൾക്ക് ഏറെ സാധ്യതയുള്ള സാഹചര്യത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇത്തരത്തിൽ ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി)കാവേരി നദീജല തർക്ക ട്രിബ്യൂണലിന്റെ വിധിപ്രകാരം കബനീ നദീതടത്തിൽ ലഭിക്കുന്ന ജലം അണകെട്ടി സംരക്ഷിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, കടമൻതോട്, മഞ്ചാട്ട്, തിരുനെല്ലി, തൊണ്ടാർ, കല്ലംപതി, ചെകാട്ട്, പെരിങ്ങോട്ടുപുഴ എന്നിങ്ങനെ 9 പദ്ധതികൾ കബനി തടത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയുടെ ഫീസിബിലിറ്റി പഠനം പൂർത്തിയാക്കി. ഭവാനി നദീതടത്തിലെ അട്ടപ്പാടി വാലി ജലസേചന പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>കോട്ടയം ജില്ലയിലെ മീനച്ചിൽ നദീതട പദ്ധതിയിൽപ്പെടുത്തി 7 മിനിഡാം കം റെഗുലേറ്ററുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. മീനച്ചിൽ നദിയുടെ പോഷക നദിയിൽ പഴുക്കക്കാനത്ത് ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിരേഖ പരിഗണനയിലാണ്.<br>ഇടുക്കി ജില്ലയിലെ പാമ്പാർ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങലാർ ഡാമിൽ പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണത്തിനുള്ള ടെണ്ടർ ജോലികൾ പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തിക്കാവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും കൈമാറി കിട്ടുമ്പോൾ നിർമ്മാണ ജോലികൾ ആരംഭിക്കും.<br>തലയാർ സ്കീമിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ ഡാം, ലോവർ ചട്ട മൂന്നാർ ഡാം, വട്ടവട സ്കീമിൽപ്പെടുന്ന ഒറ്റമരം ഡാമിന്റെ പ്രാഥമിക സർവ്വേ നടത്തി പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.<br>ചെങ്ങലാർ സ്കീമിൽപ്പെട്ട കാന്തല്ലൂർ ഡാമിന്റെയും പുതുക്കിയ പദ്ധതിരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കാന്തല്ലൂർ ഡാമിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടിയിരിക്കുന്നു.<br>വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളിൽ ഇനിയും പ്രാഥമിക പഠനം നടത്താനുള്ളവയ്ക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ